ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:11.02.2025**

## പ്രധാനവാർത്തകൾ

1) നിർമിത ബുദ്ധിക്ക് അപാരമായ സാധ്യതകളാണുള്ളതെന്നും, സാങ്കേതിക വിദ്യയെ പൗര കേന്ദ്രീകൃതമാക്കി മാറ്റണമെന്നും എ.ഐ ആക്ഷൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

2) കേന്ദ്രബജറ്റിന്മേലുള്ള പൊതുചർച്ചയ്ക്ക് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകി. വിലക്കയറ്റം നിയന്ത്രിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് ധനമന്ത്രി.

3) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് നിയമസഭയിൽ ഇന്ന് വിശദമായ ചർച്ച നടന്നു.

4) കാട്ടാന ആക്രമണത്തിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ വയനാട്ടിൽ പ്രതിഷേധം ശക്തം. വനംവകുപ്പ് ആസ്ഥാനത്ത് നാളെ ഉന്നതതല യോഗം ചേരുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.

5) സംസ്ഥാനത്ത് താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പകൽ ജോലി സമയം പുനക്രമീകരിച്ചു.

6) ദേശീയ ഗെയിംസിൽ ഇന്ന് രണ്ട് വെള്ളിയും മൂന്ന് വെങ്കലവും സ്വന്തമാക്കി കേരളം.

*****************

RNU TVPM

## പ്രധാനമന്ത്രി (ഇൻട്രോ )

നിർമിത ബുദ്ധിക്ക് അപാരമായ സാധ്യതകളാണുള്ളതെന്നും, സാങ്കേതിക വിദ്യയെ ജനാധിപത്യവത്കരിച്ച് പൗര കേന്ദ്രീകൃതമാക്കി മാറ്റണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പാരിസിൽ ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോയ്ക്കൊപ്പം എ.ഐ ആക്ഷൻ ഉച്ചകോടിയിൽ സഹ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, കൃഷി എന്നീ മേഖലകളിൽ വിപ്ലവം സൃഷ്ടിച്ച് ദശലക്ഷക്കണക്കിന് ജീവിതങ്ങളെ മെച്ചപ്പെടുത്താൻ നിർമിതബുദ്ധിയിലൂടെ സാധിക്കും. എ.ഐ ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ ആഗോള തലത്തിൽ മാനദണ്ഡങ്ങൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.
(വോയിസ്....)
ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി ഇൻഡോ-ഫ്രഞ്ച് സിഇഒ ഫോറത്തിനും ഫ്രഞ്ച് പ്രസിഡൻറിനൊപ്പം അധ്യക്ഷത വഹിക്കും. മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. ശേഷം, യു എസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നാളെ യാത്ര തിരിക്കും.

*****************

## കേന്ദ്ര ധനമന്ത്രി - ലോക്സഭ

പാവപ്പെട്ടവർക്കും കർഷകർക്കും സ്ത്രീകൾക്കും യുവാക്കൾക്കുമാണ് കേന്ദ്ര ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് ധനമന്ത്രി നിർമല സീതാരാമൻ. ബജറ്റ് ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി. നികുതിദായകർക്ക് ഗുണകരമായ നിരവധി തീരുമാനങ്ങൾ ബജറ്റിലുണ്ടെന്നും മന്ത്രി പറഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും മിതമായ നിരക്കിൽ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാനുമാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നതെന്നും ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.

*****************

RNU TVPM

## നിയമസഭ (ഇൻട്രോ)

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം, നിയമസഭ ഇന്ന് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തു. ലഹരിക്കെതിരെ സർക്കാർ ശക്തമായ നടപടിയാണ് സ്വീകരിച്ച് വരുന്നതെന്ന് എക്സൈസ് മന്ത്രി എം ബി രാജേഷ് സഭയിൽ വ്യക്തമാക്കി. ലഹരി സംഘങ്ങൾക്കെതിരെ കർശനമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

*****************

## ബജറ്റ് നിയമസഭ

സംസ്ഥാന ബജറ്റിൻമേലുള്ള പൊതു ചർച്ച സഭയിൽ ഇന്നും തുടർന്നു. കെ.കെ രമ, സി.കെ ആശ, കെ. ശാന്തകുമാരി, അനൂപ് ജേക്കബ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇന്ന് ചർച്ചയിൽ പങ്കെടുത്തു. ബജറ്റ് ചർച്ചയ്ക്ക് ധനമന്ത്രി കെ.എൻ ബാലഗോപാൽ നാളെ സഭയിൽ മറുപടി നൽകും.

RNU TVPM

*****************

## വനംവകുപ്പ് യോഗം - മന്ത്രി എ.കെ ശശീന്ദ്രൻ

സംസ്ഥാനത്തെ വന്യജീവി ആക്രമണം സംബന്ധിച്ച് നാളെ വനംവകുപ്പ് ആസ്ഥാനത്ത് ഉന്നതതല യോഗം ചേരുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. ജനങ്ങളുടെ ആശങ്കകളോടും പ്രതിഷേധങ്ങളോടും അനുഭവ പൂർവ്വമായ നിലപാടാണ് സർക്കാരിനുള്ളതെന്ന് അദ്ദേഹം പറഞ്ഞു. അക്രമകാരികളായ മൃഗങ്ങളെ കൊല്ലാൻ നിയമ ഭേദഗതി അനിവാര്യമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

*****************

## വയനാട് - വന്യജീവി ആക്രമണം

കാട്ടാന ആക്രമണത്തിൽ വയനാട് നൂൽപ്പുഴയിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധം ശക്തം. കൊല്ലപ്പെട്ട മാനുവിന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം നല്കുമെന്നും രാത്രി പെട്രോളിംഗ് ഊർജ്ജിതമാക്കുമെന്നും വനം വകുപ്പ് അറിയിച്ചു. സംഭവത്തിൽ വിവിധ സംഘടനകൾ വയനാട്ടിൽ നാളെ ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്. എന്നാൽ ഹർത്താലുമായി സഹകരിക്കില്ലെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റി അറിയിച്ചു.

*****************

## ഇടുക്കി -കാട്ടാന

ഇടുക്കി പെരുവന്താനം കൊമ്പൻപാറയിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട സോഫിയയുടെ മൃതദേഹം പോസ്റ്റ് മോർട്ടത്തിന് ശേഷം മുണ്ടക്കയം വരിക്കാനി ജുമാഅത്ത് പള്ളിയിൽ സംസ്കരിച്ചു. നൂറ് കണക്കിന്
ആളുകൾ ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയിരുന്നു.

*****************

## വേനൽച്ചൂട്: ജോലി സമയം

സംസ്ഥാനത്ത് താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പകൽ ജോലി സമയം മെയ് 10 വരെ പുനക്രമീകരിച്ചു. രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്തിൽ എട്ട് മണിക്കൂറായി ജോലി സമയം നിജപ്പെടുത്തി. ഉച്ചയ്ക്ക് 12 മുതൽ വൈകുന്നേരം മൂന്ന് മണിവരെ വിശ്രമവേളയായിരിക്കും. സൂര്യാഘാത സാധ്യത കണക്കിലെടുത്താണ് തീരുമാനം.

*****************

## ഓയിൽ ഫാം അഗ്നിബാധ

കൊല്ലം കുളത്തൂപ്പുഴയിലെ കണ്ടൻച്ചിറ എണ്ണപ്പന എസ്റ്റേറ്റിൽ വൻ അഗ്നിബാധ. നാല് ഫയർഫോഴ്സ് യൂണിറ്റുകൾ എത്തി

RNUTVPM

തീ അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്. കൂടുതൽ സ്ഥലങ്ങളിലേക്ക് തീ വ്യാപിക്കുന്നതാണ് പ്രധാന വെല്ലുവിളി.

*****************

## ആർ ബിന്ദു

സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് അനുമതി നൽകാനുള്ള തീരുമാനം കാലഘട്ടത്തിന് അനുസൃതമായ മാറ്റമാണെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു. സിപിഐ ഉൾപ്പെടെയുള്ള എൽ.ഡി.എഫ് ഘടക കക്ഷികൾ ഏകകണ്ഠമായാണ് ബിൽ അംഗീകരിച്ചതെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സ്വകാര്യ സർവകലാശാലകളുടെ അനിവാര്യതയെക്കുറിച്ചുള്ള ഗൗരവകരമായ ചർച്ചയ്ക്ക് ശേഷമാണ് തീരുമാനം. എന്നാൽ വിദേശ സർവകലാശാലകളുടെ കടന്നുവരവ് ഈ മേഖലയിൽ വേണ്ടെന്ന നിലപാടാണ് സർക്കാരിന്റേതെന്നും മന്ത്രി വ്യക്തമാക്കി.

*****************

## മുൻഗണനാ റേഷൻ കാർഡ് - മുഖ്യമന്ത്രി

സംസ്ഥാനത്തെ 50,000 മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. മാനദണ്ഡപ്രകാരം 30 മാർക്കിന് മുകളിൽ ലഭിച്ച 63,861 അപേക്ഷകരിൽ ആദ്യ അമ്പതിനായിരം പേർക്കാണ് ഇപ്പോൾ മുൻഗണനാ കാർഡുകൾ നൽകുന്നതെന്ന് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. ശേഷിക്കുന്ന അപേക്ഷകർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് കാർഡുകൾ വിതരണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

*****************

## ശബരിമല

കുംഭമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട നാളെ വൈകുന്നേരം അഞ്ചിന് തുറക്കും. നാളെ പ്രത്യേക പൂജകളുണ്ടാവില്ല. കുംഭം ഒന്നായ വ്യാഴാഴ്ച പുലർച്ചെ അഞ്ചിനായിരിക്കും നട തുറക്കുക. മാസ പൂജകൾ പൂർത്തിയാക്കി 17 ന് രാത്രി 10 മണിക്ക് നട അടയ്ക്കും.

PRD TVPM

*****************

## ആകാശവാണി റേഡിയോ ഫെസ്റ്റ്

ലോക റേഡിയോ ദിനത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് മറ്റന്നാൾ പൂജപ്പുര ശ്രീ ചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ ശ്രോതാക്കളുടെ സംഗമം സംഘടിപ്പിക്കുന്നു. പ്രസംഗ മത്സരം, ക്വിസ്, ഗാനമേള തുടങ്ങി വിവിധ പരിപാടികളും ഇതോടനുബന്ധിച്ച് നടക്കും.

*****************

## പത്തനംതിട്ട-പീഢനം

പത്തനംതിട്ട അടൂരിൽ 10 വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ രണ്ടു പ്രതികൾ പോലീസ് പിടിയിൽ. പ്രായപൂർത്തിയാകാത്ത രണ്ടുപേരുൾപ്പെടെ നാലു പ്രതികളാണ് സംഭവത്തിലുള്ളത്.

RNUTVPM

*****************

## പകുതിവില തട്ടിപ്പ് - ജാമ്യാപേക്ഷ

പകുതിവില തട്ടിപ്പ് കേസിൽ പ്രതി അനന്തു കൃഷ്ണൻറെ ജാമ്യാപേക്ഷ മൂവാറ്റുപുഴ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി തള്ളി. അനന്തുവിനെതിരേ മറ്റ് സ്റ്റേഷനുകളിലും കേസുണ്ടെന്നും ജാമ്യം നൽകിയാൽ തെളിവ് നശിപ്പിക്കാൻ സാധ്യത ഉണ്ടെന്നും കോടതി നിരീക്ഷിച്ചു.

*****************

## നിശാഗന്ധി

നിശാഗന്ധി നൃത്തോത്സവം ഈ മാസം 14 മുതൽ 20 വരെ കനകക്കുന്നിൽ നടക്കും. നൃത്തരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള നിശാഗന്ധി പുരസ്കാരം പ്രശസ്ത കഥക് കലാകാരൻ പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനിയ്ക്ക് ഉദ്ഘാടനച്ചടങ്ങിൽ സമ്മാനിക്കും. അമൃത ലാഹിരി, ജാനകി രംഗരാജൻ തുടങ്ങി ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, മണിപ്പൂരി, സത്രിയ, കഥക്, ഒഡീസി തുടങ്ങിയ

നൃത്തരംഗങ്ങളിലെ പ്രഗത്ഭർ നൃത്തോത്സവത്തിൽ അണിനിരക്കും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

*****************

## ദേശീയ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസിൽ മെഡൽ വേട്ട തുടർന്ന് കേരളം. രണ്ട് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ അഞ്ച് മെഡലുകളാണ് ഇന്ന് കേരളം നേടിയത്. പുരുഷന്മാരുടെ ട്രിപ്പിൾ ജംപിൽ മുഹമ്മദ് ഹുസൈനും, വനിതകളുടെ 70 കിലോഗ്രാം ജൂഡോയിൽ ദേവി കൃഷ്ണയുമാണ് കേരളത്തിനായി മെഡൽ കരസ്ഥമാക്കിയത്. ജിംനാസ്റ്റിക്സ് മത്സരങ്ങളിലും കേരളം രണ്ട് വെള്ളിയും ഒരു വെങ്കലവും സ്വന്തമാക്കിയിരുന്നു. പോയിന്റ് പട്ടികയിൽ സർവീസസ് ഒന്നാമതും, മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും കർണാടക മൂന്നാം സ്ഥാനത്തുമാണ്. കേരളം നിലവിൽ ഒൻപതാം സ്ഥാനത്താണ്.

*****************

## ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പര

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം സ്വന്തമാക്കിയിരുന്നു.

*****************

## ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,018 പോയിന്റ് ഇടിഞ്ഞ് 76,294 ലും, നിഫ്റ്റി 310 പോയിന്റ് നഷ്ടത്തിൽ 23,072 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവിലയിൽ രാവിലെ വൻ വർധന രേഖപ്പെടുത്തിയെങ്കിലും ഉച്ചക്ക് ശേഷം പവന് 400 രൂപ കുറഞ്ഞ് 64,080 രൂപയും ഗ്രാമിന് 8,010 രൂപയുമാണ് നിലവിലെ വില.

*****************

PNUTVPM

## ഹൃദ്രോഗ വിദഗ്ധൻ ഡോ. ജോർജ് ജേക്കബ്

കോട്ടയം മെഡിക്കൽ കോളജ് കാർഡിയോളജി വിഭാഗം സ്ഥാപക മേധാവിയും പ്രമുഖ ഹൃദ്രോഗ വിദഗ്ധനുമായ ഡോ. ജോർജ് ജേക്കബ് അന്തരിച്ചു. 94 വയസ്സായിരുന്നു. സംസ്കാരം വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം പാമ്പാടി ഈസ്റ്റ് സെന്റ് മേരീസ് ചെറിയ പള്ളിയിൽ നടക്കും.

*****************

## കൈക്കൂലി-വയനാട്-

വയനാട്ടിൽ വീടിന്റെ പരിസരം മണ്ണിട്ട് നികത്തലുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തിയിൽ നിന്ന് 10,000 രൂപ കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥനെ വിജിലൻസ് പിടികൂടി. മാനന്തവാടി നഗര സഭ റവന്യു ഇൻസ്പെക്ടർ എം.എം സജിത്തിനെയാണ് വിജിലൻസ് സംഘം അറസ്റ്റ് ചെയ്തത്.

*****************

## വിജിലൻസ് റെയ്ഡ് - പി കെ രാഗേഷ്

വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന പരാതികളിൽ, കണ്ണൂർ നഗരസഭാ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

പി കെ രാഗേഷിൻറെ  വീട്ടിൽ വിജിലൻസ്

റെയ്ഡ്.  പയ്യാമ്പലത്തെ ഒരു ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് അനധികൃത പണ ഇടപാട് നടന്നതായി ഉൾപ്പടെയാണ് പരാതി.

*****************

## കെയർഹോം - വി എൻ വാസവൻ

സഹകരണവകുപ്പിൻറെ കെയർഹോം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ മന്ത്രി

വി എൻ വാസവൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

പദ്ധതിയുടെ രണ്ടാംഘട്ടത്തിൻറെ ഭാഗമായി മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിലെയും എടപ്പാൾ പഞ്ചായത്തിലെയും പ്രവർത്തനങ്ങൾ മന്ത്രി അവലോകനം ചെയ്തു.

*****************

**********

***